# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

കെ. എസ്. ബി. സി. ഔട്ട്‌ലെറ്റുകൾ കമ്പ്യൂട്ടർവത്ക്കരണം

5038 ശ്രീ. പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ. എസ്. ബി. സി. ഔട്ട്‌ലെറ്റുകൾ കമ്പ്യൂട്ടർ വത്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇടപാടുകൾ സുതാര്യമാക്കാൻ എല്ലാ ഔട്ട്‌ലെറ്റുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) എല്ലാ ഔട്ട്‌ലെറ്റുകളും ഹെഡ്ഡാഫീസുമായി ബന്ധപ്പെടുത്തി കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് എന്ത് തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) പ്രസ്തുത കമ്പ്യൂട്ടർവത്ക്കരണം അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

എക്സൈസ് അക്കാദമി

5039 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ജോസഫ് വാഴക്കൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് അക്കാദമി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എക്സൈസ് അക്കാദമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) എല്ലാ എക്സൈസ് ഉദ്യോഗസ്ഥരേയും പരിശീലിപ്പിക്കുന്നതിന് അക്കാദമി പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ഡി) അക്കാദമിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആധുനിക കുറ്റാന്വേഷണ രീതികൾ പഠിപ്പിക്കുന്നതിനും ആവശ്യമായ ബോധനരീതി ഇവിടെ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>സംസ്ഥാനത്തെ ബാറുകൾ</u>

5040 ശ്രീ. ബാബു എം. പാലിശ്ശേരി
,, പി. റ്റി. എ. റഹീം
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമവിരുദ്ധമായി സംസ്ഥാനത്ത് ബാറുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) അനധികൃതമായി പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട ഏതെങ്കിലും ബാറുകളെ നിയമ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലവിൽ നിയമവിധേയമായി പ്രവർത്തിച്ചുവരുന്ന ബാറുകൾ എത്ര; അനധികൃതമായി കണ്ടെത്തിയവ എത്ര; ഈ സർക്കാർ ലൈസൻസ് പുതുക്കി നൽകിയ ബാറുകൾ എത്ര; പരിഗണനയിലിരിക്കുന്ന ബാറിനുള്ള അപേക്ഷകൾ എത്ര എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കള്ളുഷാപ്പുകളും മദ്യ നയവും</u>

5041 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11 വർഷത്തിൽ പ്രവർത്തിച്ചിരുന്ന കള്ള് ഷാപ്പുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) 2013-14 വർഷത്തിൽ പ്രവർത്തിച്ചുവരുന്ന കള്ള് ഷാപ്പുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) 2013-2014 വർഷത്തെ മദ്യനയം പ്രഖ്യാപിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) 2014-15 വർഷത്തേയ്ക്ക്, മദ്യനയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>നീര ഉല്പാദനം</u>

5042 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നീര ഉല്പാദനത്തിനും വിതരണത്തിനും തടസ്സമായി ഏതെല്ലാം വകുപ്പുകളും ചട്ടങ്ങളുമാണ് നിലവിലുള്ള അബ്കാരി നിയമത്തിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മദ്യത്തിൽ നിന്നുള്ള നികുതിവരുമാനം</u>

5043 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മദ്യത്തിന്റെ നികുതി എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നികുതി വർദ്ധനയിലൂടെ പ്രതീക്ഷിച്ച അധികവരുമാനം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) വ്യാജമദ്യം വ്യാപകമായി ഉത്പ്പാദിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>വ്യാജ മദ്യ ദുരന്തങ്ങൾ</u>

5044 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര വ്യാജ മദ്യ ദുരന്തങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അവയിൽ എത്ര പേർ മരണപ്പെട്ടു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>മദ്യവിരുദ്ധ ക്ലബ്ബുകൾ</u>

5045

ശ്രീ. കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ മദ്യവിരുദ്ധ ക്ലബ്ബുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് ഒട്ടാകെ മദ്യവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇവർക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മദ്യവിരുദ്ധ ക്ലബ്ബുകളിൽ ഡോക്ടർമാർ, സന്നദ്ധ പ്രവർത്തകർ, സാംസ്കാരിക നായകർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകളും മറ്റും സംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉൽപ്പാദന വിതരണക്കാരെ നിയമത്തിന് മുന്നിലെത്തിക്കാൻ മദ്യവിരുദ്ധ ക്ലബ്ബുകളുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>യുവാക്കളിലെ മദ്യപാനാസക്തി</u>

5046 ശ്രീ. ഇ. പി. ജയരാജന്‍
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. വി. വിജയദാസ്
,, കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മദ്യപാനാസക്തി വര്‍ദ്ധിച്ചുവരുന്നതും യുവാക്കള്‍ക്കിടയില്‍ ഈ പ്രവണത ഏറിവരുന്നതും ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ ;

(ബി) മദ്യപാന വിപത്തിനെതിരെ സാമൂഹ്യാവബോധം പ്രചരിപ്പിക്കാന്‍ എന്തെങ്കിലും കര്‍മ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; മദ്യത്തില്‍ നിന്നുള്ള വരുമാനവും ബോധവല്‍ക്കരണത്തിനുള്ള പദ്ധതി അടങ്കലും സംബന്ധിച്ച് വിശദമാക്കാമോ ;

(സി) വ്യാജവാറ്റും അതുപോലുള്ള സംവിധാനങ്ങളും തടയുന്നതിന് കര്‍ശന നടപടി സ്വീകരിക്കാമോ ;

(ഡി) ഇതിനെല്ലാം അനുസൃതമായി മദ്യനയത്തില്‍ മാറ്റം വരുത്താന്‍ തയ്യാറാകുമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സ്കൂൾ - കോളേജ് വിദ്യാർത്ഥികളിൽ മയക്ക് മരുന്നിന്റെയും മദ്യത്തിന്റെയും ഉപയോഗം</u>

5047 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ-കോളജ് വിദ്യാർത്ഥികളിൽ മയക്ക് മരുന്നിന്റെയും മദ്യത്തിന്റെയും ഉപയോഗം വ്യാപകമാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) സ്കൂൾ - കോളജ് പരിസരങ്ങളിൽ പാൻ മസാല ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വിപണനം നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ച് വരുന്നത്?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>ലഹരിവസ്തുക്കൾ കടത്തിയത് സംബന്ധിച്ച കേസുകൾ</u>

5048 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അന്യസംസ്ഥാനങ്ങളിൽ നിന്ന് കഞ്ചാവ്, ഹാഷിഷ് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ കടത്തികൊണ്ടു വന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര അറസ്റ്റുകൾ നടന്നു; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സ്പിരിറ്റ്, മയക്കുമരുന്ന് ലോബികളുമായി ബന്ധമുള്ള എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ</u>

5049 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ സ്പിരിറ്റ്, മയക്കുമരുന്ന് ലോബികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ ഉള്ളതായി കരുതുന്നുണ്ടോ;

(ബി) ഇത്തരക്കാരെ വകുപ്പിൽ നിന്ന് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) മദ്യലോബിയ്ക്ക് വഴിവിട്ട സഹായങ്ങൾ ചെയ്തതിന്റെ പേരിൽ എക്സൈസ് വകുപ്പിൽ നിന്നും മാറ്റി നിർത്തപ്പെട്ടവർ ആരൊക്കെയാണ്;

(ഡി) എക്സൈസ് വകുപ്പിൽ നിന്ന് സസ്പെന്റ് ചെയ്യപ്പെട്ട എത്ര പേരെ ഈ സർക്കാർ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>സ്പിരിറ്റ് കേസുകളുടെ അന്വേഷണം</u>

5050 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സ്പിരിറ്റ് കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സ്പിരിറ്റ് കേസുകളുടെ അന്വേഷണം പുരോഗമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സ്പിരിറ്റ് കേസുകളിൽ എക്സൈസ് ജീവനക്കാരുടെ പങ്കിനെ സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ടോ; നിലവിൽ ഏതെങ്കിലും ജീവനക്കാർ ഈ കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>അനധികൃത സ്പിരിറ്റ് നിയന്ത്രിക്കുവാൻ നടപടി</u>

5051 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, പി.കെ. ഗുരുദാസൻ
,, സാജു പോൾ
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത സ്പിരിറ്റിന്റെ അളവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിൽ എക്സൈസ് വകുപ്പ് പരാജയപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സ്പിരിറ്റ് കടത്തും അനധികൃത ഉപഭോഗവും നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളെയും അതിൽ ശിക്ഷിക്കപ്പെട്ടവരെയും സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) ഈ കാലയളവിൽ അനധികൃതമായി കൊണ്ടുവന്ന എത്ര ലോഡ് സ്പിരിറ്റ് എക്സൈസുകാർ പിടികൂടുകയുണ്ടായി; കേസ് നിലനിൽക്കെ വീണ്ടും സ്പിരിറ്റ് കടത്തിയവർ എത്ര?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ഏഴ് വയസ്സുള്ള ബാലൻ മദ്യം കഴിച്ച് മരണപ്പെട്ട സംഭവം

5052 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനാപുരത്ത് ഏഴ് വയസ്സുള്ള ബാലൻ മദ്യം കഴിച്ച് മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വികലമായ മദ്യനയവും മദ്യപാനത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ പോരായ്മയുമാണ് ഇത്തരം സംഭവങ്ങൾക്ക് കാരണം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിന് മതിയായ സംരക്ഷണവും സഹായവും എത്തിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി പ്രസ്തുത സംഭവം സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിന് നടപടി ഉണ്ടാകുമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ എക്സൈസ് ഡ്രൈവർ തസ്തിക</u>

5053 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തികയിലേയ്ക്ക് നിയമനത്തിനായുള്ള പി.എസ്.സി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതെന്നാണ്;

(ബി) ഇതുവരെ ജനറൽ വിഭാഗത്തിൽ എത്ര പേർക്ക് അഡ്വൈസ് മെമ്മോ നൽകികഴിഞ്ഞു;

(സി) ഇതുവരെ വിവിധ സംവരണ വിഭാഗങ്ങളിൽ ഓരോന്നിലും എത്രപേർക്ക് അഡ്വൈസ് മെമ്മോ നൽകികഴിഞ്ഞു;

(ഡി) എക്സൈസ് വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്യുകയും അഡ്വൈസ് മെമ്മോ അയയ്ക്കുവാൻ നടപടികൾ നടക്കുന്നതുമായ എത്ര വേക്കൻസികളുണ്ട്;

(ഇ) ഇതുപ്രകാരം ഓരോ വിഭാഗത്തിലും ഏതുവരെ റാങ്കുള്ളവർക്ക് അഡ്വൈസ് മെമ്മോ അയയ്ക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>രാജാക്കാട് മേഖലയിൽ പുതിയ എക്സൈസ് റേഞ്ച് ഓഫീസ്</u>

5054 ശ്രീ.കെ.കെ.ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ രാജാക്കാട് മേഖലയിൽ 2011-2012, 2012-2013, വർഷങ്ങളിൽ എത്ര അബ്കാരി കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുളളത്; വിശദാംശം നൽകാമോ;

(ബി) രാജാക്കാട് മേഖല ഉൾപ്പെടുന്ന എക്സൈസ് റേഞ്ച് ഓഫീസ് എവിടെയാണ് സ്ഥിതി ചെയ്യുന്നത്;

(സി) പ്രസ്തുത ഓഫീസിലേക്ക് രാജാക്കാട് നിന്ന് എത്ര കിലോമീറ്റർ ദൂരം ഉണ്ട്; ഈ മേഖലയിൽ പുതിയതായി എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>ജനസംഖ്യാനുപാതികമായി എക്സൈസ് റെയ്ഞ്ച് ഓഫീസുകള്‍</u>

5055 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനസംഖ്യാനുപാതികമായി എക്സൈസ് റെയ്ഞ്ച് ഓഫീസുകള്‍ പുന:സംഘടിപ്പിക്കുന്ന കാര്യം പരിഗണനയില്‍ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എക്സൈസ് റെയ്ഞ്ച് ഓഫീസുകളില്‍ സ്റ്റാഫ് പാറ്റേണ്‍ ഏകീകരിക്കുന്ന കാര്യം പരിഗണനയില്‍ ഉണ്ടോ;

(സി) എല്ലാ റേഞ്ച് ഓഫീസുകളിലും അസിസ്റ്റന്റ് എക്സൈസ് ഇന്‍സ്പെക്ടര്‍ തസ്തിക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; നിലവില്‍ ഈ തസ്തിക എത്ര റേഞ്ച് ഓഫീസുകളിലാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിൽ എക്സൈസ് ഗാർഡ് ഒഴിവുകൾ</u>

5056 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ എക്സൈസ് ഗാർഡിന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) ഡെപ്യൂട്ടേഷൻ മൂലം എത്ര ഒഴിവുകളാണ് ഉള്ളത്;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

ചെറുതുറമുഖങ്ങളുടെ നവീകരണം

5057 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള തീരങ്ങളിലുള്ള ചെറുതുറമുഖങ്ങളുടെ വലിയ തോതിലുള്ള ഉപയോഗത്തിന് ഇവയുടെ നവീകരണം സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ചെറുതുറമുഖങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി കാസർഗോഡു മുതൽ വിഴിഞ്ഞം വരെ ചെലവ് കുറഞ്ഞ ചരക്ക് നീക്കം നടത്തുന്നതിന് നടപടിയുണ്ടാകുമോ;

(സി) ഈ ചെറുതുറമുഖങ്ങളെ ബന്ധപ്പെടുത്തി കപ്പൽ ഗാതാഗതം നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ബേപ്പൂർ തുറമുഖ വികസനം</u>

5058 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖ വികസനത്തിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് എന്ത് തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഇതിനകം എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ നിർമ്മാണം</u>

5059 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ കരാർ നൽകിയിട്ടുള്ളതാർക്കാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) കരാറുകാരന് നാളിതുവരെ നൽകിയ തുകയെത്രയെന്ന്
വ്യക്തമാക്കാമോ ;

(സി) കരാറുകാരന് ഉടമ്പടിപ്രകാരമുള്ള തുക ലഭിച്ചില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉടമ്പടിപ്രകാരം പണം ലഭിക്കാത്തതിനാൽ പണി നിർത്തിവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) തടസ്സങ്ങൾ നീക്കി പണി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>തങ്കശ്ശേരി മത്സ്യബന്ധന തുറമുഖം</u>

5060 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായി വരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കാവശ്യമായ തുക വകയിരുത്തുമോ; പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>പരവൂർ - തെക്കുംഭാഗം ഫിഷിംഗ് ഹാർബർ</u>

5061 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പരവൂർ - തെക്കുംഭാഗത്ത് ഫിഷിംഗ് ഹാർബർ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനത്തിന് എന്നാണ് തുടക്കമിട്ടതെന്നും ഈ ആവശ്യത്തിലേക്ക് എത്ര രൂപാ വിനിയോഗിക്കുവാൻ അനുമതി നൽകിയെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത സാദ്ധ്യതാ പഠന റിപ്പോർട്ട് നൽകുവാൻ തീരുമാനിച്ചിട്ടുള്ള സമയപരിധി, പ്രവർത്തനത്തിന്റെ പുരോഗതി എന്നിവ അറിയിക്കുമോ ;

(സി) നിർദ്ദിഷ്ട ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും ഫിഷിംഗ് ഹാർബർ പ്രാവർത്തികമാക്കുവാൻ കഴിയാത്ത സാഹചര്യം പരിഗണിച്ച് എത്രയുംവേഗം ഫിഷിംഗ് ഹാർബർ നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ആർത്തുങ്കൽ, വെള്ളയിൽ, താനൂർ, പരപ്പനങ്ങാടി
ഫിഷിംഗ് ഹാർബറുകൾ

5062 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ആർത്തുങ്കൽ, വെള്ളയിൽ, താനൂർ, പരപ്പനങ്ങാടി എന്നീ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം പൂർത്തിയായോ; വ്യക്തമാക്കാമോ;

(ബി) ഇവയോരോന്നിന്റെയും നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയും ഇതുവരെ ചെലവഴിക്കപ്പെട്ട തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽ കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയ്ക്കായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ധനസഹായം എത്ര എന്നും ഇനിയും ലഭിക്കാനുള്ള തുക എത്ര എന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ചെറുവത്തൂർ ഹാർബർ</u>

5063 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടന്നും പ്രസ്തുത ഹാർബർ എപ്പോൾ പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>തോട്ടപ്പള്ളി ഹാർബർ</u>

5064 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി ഹാർബർ ബേസിനിലെയും അപ്രോച്ച് ചാനലിലെയും സാന്റ്ബാർ നീക്കം ചെയ്യുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇവിടെനിന്നും നീക്കം ചെയ്യുന്ന മണൽ എന്തു ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

തീരദേശ റോഡ് വികസന പദ്ധതി

5065 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ തീരദേശ റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ നാട്ടിക മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പ്രവൃത്തികളാണ് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ

5066 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കാസറഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയൊണെന്ന് വ്യക്തമാക്കാമോ ;

(ബി) മുൻവർഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ കാസറഗോഡ് ജില്ലയിൽ എത്ര റോഡുവർക്കുകൾ അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ചുള്ള കണക്കുകൾ നൽകാമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടത്തി വരുന്ന പ്രവൃത്തികൾ</u>

5067 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏറ്റെടുത്തു നടത്തിയ പ്രവൃത്തികൾ അവയുടെ എസ്റ്റിമേറ്റ് തുക എന്നിവ വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>രാമന്തളി-പാണ്ട്യാലക്കടവ് നടപ്പാലം നിര്‍മ്മാണം</u>

5068 ശ്രീ.കെ.കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

രാമന്തളി-പാണ്ട്യാലക്കടവ് നടപ്പാലം നിര്‍മ്മിക്കുന്നതിന് ഹാര്‍ബര്‍ എന്‍ജിനീയറിംഗ് വകുപ്പ് ഭരണാനുമതി നല്‍കിയിരുന്നുവെങ്കിലും ഈ പാലത്തിന്റെ നിര്‍മ്മാണം ആരംഭിക്കാന്‍ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>മത്സ്യമേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

5069 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെ വികസനത്തിനായി 2013-14 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ വകയിരുത്തിയിട്ടുള്ള 157.8 കോടി രൂപാ എന്തെല്ലാം പദ്ധതികൾക്കായി വിനിയോഗിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുകയിൽ നിന്ന് 30.12.2013 വരെ ഓരോ പരിപാടിക്കായി വിനിയോഗിച്ച തുക എത്രയെന്ന് വിശദീകരിക്കാമോ;

(സി) മത്സ്യമേഖലയുടെ വികസനത്തിനായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്ന് വിവരിക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മത്സ്യതൊഴിലാളി കടാശ്വാസകമ്മീഷൻ മത്സ്യമേഖലയിൽ അനുവദിച്ച തുകയിൽ ക്രമക്കേടുകൾ</u>

5070 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മത്സ്യമേഖലയിൽ അനുവദിച്ച തുകയിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടോ;

(ബി) 05.07.2012 ലും 06.07.2012 ലും ഹെഡ് ഓഫീസിൽ നിന്നുള്ള കടാശ്വാസ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ കടാശ്വാസ നിബന്ധനകൾ പ്രകാരം സംഘങ്ങളുടെ വായ്പ ലെഡ്ജർ അനുസരിച്ച് ലഭിക്കേണ്ട തുകയും, ജില്ലാ മാനേജർ അനുവദിച്ചു നൽകിയ തുകയും തമ്മിൽ അന്തരം കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത തിരിമറി നടത്തിയ ജില്ലാ മാനേജരുടെ പേരിൽ എന്ത് ശിക്ഷണ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ</u>

5071 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷന് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകളിന്മേൽ കമ്മീഷൻ അനുകൂല തീരുമാനം എടുത്തിട്ടുണ്ട്;

(സി) കടാശ്വാസത്തിനർഹരായ അപേക്ഷകർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന വിവരം ധനകാര്യ സ്ഥാപനങ്ങളെ അറിയിച്ചിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ എത്ര അപേക്ഷകരുടെ വിവരം അറിയിച്ചിട്ടുണ്ട്; എത്ര അപേക്ഷകരുടെ വിവരം അറിയിക്കാതെയുണ്ട്;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊളിലാളി കടാശ്വാസത്തിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ ഓരോ വർഷവും ഇതിനായി എത്ര തുക ചെലവഴിച്ചു?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികളുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിന് നടപടി

5072 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളും അവരുടെ ആശ്രിതരും എടുത്തിട്ടുള്ള വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പിന്നോക്ക വിഭാഗ കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ മുതലായവയിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>മത്സ്യത്തൊഴിലാളി ക്ഷേമപ്രവര്‍ത്തനങ്ങള്‍ക്കായി വകയിരുത്തിയ തുക</u>

5073 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

2013-14 സാമ്പത്തിക വര്‍ഷം മത്സ്യത്തൊഴിലാളി ക്ഷേമപ്രവര്‍ത്തനങ്ങള്‍ക്കായി എത്ര തുക വകയിരുത്തിയെന്നും ആയതില്‍ എത്ര തുക 2014 ജനുവരി 1 വരെ ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിവരം നല്‍കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി ക്ഷേമനിധി</u>

5074 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി സെസ്സ് നിയമത്തിനെതിരെ വൻകിട മത്സ്യക്കയറ്റുമതിക്കാർ ഹൈക്കോടതിയിൽ നൽകിയ കേസ്സിന്റെ വാദം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എന്നാണ് പൂർത്തിയായത്; ഈ കേസിന്റെ വിധി പ്രസ്താവിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലവും അല്ലാതെയും മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് മത്സ്യക്കയറ്റുമതിക്കാർ അടയ്ക്കാൻ നിലവിൽ കുടിശ്ശികയുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഈ തുക പിരിച്ചെടുക്കാൻ സാധിക്കാത്തത് മൂലം മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം അവതാളത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

സാഫ് പദ്ധതി

5075 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ആർ. സെൽവരാജ്
,, എം. എ. വാഹീദ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി തീരദേശമേഖലയിൽ പ്രവർത്തിക്കുന്ന 'സാഫ്' പുതിയ സംരംഭങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) മത്സ്യത്തൊഴിലാളി സ്ത്രീ സംഘങ്ങളുടെ ഏകീകൃത ജീവനോപാധി പ്രവർത്തനങ്ങളെ ശാക്തീകരിച്ച് സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുവാനായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ ;

(സി) സാഫിന്റെ പ്രവർത്തനങ്ങൾക്കായി 2011-2014 ൽ എന്തു തുക കേന്ദ്ര സഹായമായി ലഭിച്ചു ; ഇവ ഏതെല്ലാം പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവെന്ന വിവരം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ നിലവാരം</u>

<u>മെച്ചപ്പെടുത്തൽ</u>

5076 ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; ലംപ്സംഗ്രാന്റ്, ഹോസ്റ്റൽ ഫീസ്, സ്റ്റൈപ്പന്റ് തുടങ്ങിയവ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ ആയത് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മത്സ്യമേഖലയിൽനിന്നുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ സ്ഥാപിതമായ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലെ (ജി. ആർ. എഫ്. റ്റി. എച്ച്. എസ്.) വിജയശതമാനം ഉയർത്തുവാനും നിലനിർത്തുവാനും നൂതന സംവിധാനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ജി. ആർ. എഫ്. റ്റി. എച്ച്. എസ്. -കളിലെ ഹോസ്റ്റൽ സൗകര്യം പര്യാപ്തമാണോ; നിലവിൽ എല്ലായിടത്തും വാർഡൻമാരുണ്ടോ; ഇല്ലെങ്കിൽ, സത്വരം നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മത്സ്യമേഖല വിദ്യാർത്ഥി സമിതിയുടെ നിവേദനം</u>

5077 ശ്രീ.റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയിലെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെ സംബന്ധിച്ച് കേരള മത്സ്യമേഖല വിദ്യാർത്ഥി സമിതിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) നിവേദനത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) നിവേദനത്തിലെ ആവശ്യങ്ങൾ പരിഹരിക്കുവാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>നിർദ്ധന മത്സ്യതൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായം</u>

5078 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിർദ്ധനരായ മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ എത്ര രൂപയാണ് നൽകുന്നത്; ഈ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ സുരക്ഷ</u>

5079 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള തിരച്ചിലിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(സി) മറൈൻ എൻഫോഴ്സ്മെന്റിന് ആധുനിക സജ്ജീകരണങ്ങളുള്ള സ്പീഡ് ബോട്ടുകൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മറൈൻ എൻഫോഴ്സ്മെന്റിന് ഹെലികോപ്ടർ സേവനം സ്ഥിരമായി ലഭ്യമാക്കുന്നതിനും അവശ്യഘട്ടങ്ങളിൽ നേവി, കോസ്റ്റ് ഗാർഡ് വിഭാഗങ്ങളുടെ വിദഗ്ദ്ധ സേവനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

### മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്ക് സാറ്റലൈറ്റ് പൊസിഷനിംഗ് സംവിധാനം

5080 ശ്രീ.എന്‍.എ. നെല്ലിക്കുന്ന്
,, വി.എം.ഉമ്മര്‍ മാസ്റ്റര്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, കെ.എന്‍.എ.ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കടലില്‍ മത്സ്യബന്ധനത്തിനു പോകുന്ന തൊഴിലാളികളുടെ സുരക്ഷയ്ക്കായി നിലവില്‍ ഏര്‍പ്പെടുത്തിയിട്ടുളള സംവിധാനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അപകടത്തില്‍പെടുന്ന വളളങ്ങളേയും തൊഴിലാളികളേയും വേഗത്തില്‍ കണ്ടെത്തുന്നതിന് സാറ്റലൈറ്റ് പൊസിഷനിംഗ്പോലുളള സംവിധാനം ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>മത്സ്യത്തിന് 'സസ്റ്റെയ്നബിലിറ്റി സർട്ടിഫിക്കറ്റ്'</u>

5081 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്ന് വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്ന മത്സ്യത്തിന് 'സസ്റ്റെയ്നബിലിറ്റി സർട്ടിഫിക്കറ്റ്' നിർബന്ധമാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള നിബന്ധന മത്സ്യക്കയറ്റുമതിയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) മത്സ്യവിപണന രംഗത്തുണ്ടാകുന്ന പുതിയ മാറ്റങ്ങൾ അറിയുന്നതിനും പുതിയ വിതരണതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മത്സ്യബന്ധനം നടത്തുന്ന അന്യസംസ്ഥാന/വിദേശ ബോട്ടുകൾ/ട്രോളറുകൾ</u>

5082 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള തീരത്തു നിന്നും മത്സ്യബന്ധനം നടത്തുന്നതിന് അന്യസംസ്ഥാന/വിദേശ ബോട്ടുകൾക്കും ട്രോളറുകൾക്കും അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ

5083 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ത്രിതല പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണുള്ളത്;

(ബി) ഉൾനാടൻ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നത് എന്ന് ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(സി) മത്സ്യവിപണന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള ക്ഷേമനിധികളോ, പെൻഷനോ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതിയിൽ അംഗമാകുന്നതിന് എന്തൊക്കെ നടപടി ക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത്; അപേക്ഷയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ഉണ്ണിയേശു കോളനിയിൽ മത്സ്യബന്ധനമേഖലയ്ക്കുള്ള ആനുകൂല്യം</u>

5084 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം മുദാക്കരയിൽനിന്നും പുനരധിവസിക്കപ്പെട്ട 65 മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന ഉണ്ണി യേശു കോളനിയിൽ മത്സ്യബന്ധന മേഖലയിൽ ലഭ്യ മാകുന്ന യാതൊരു ആനുകൂല്യങ്ങളും ലഭിക്കാത്ത വി വരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കാൻ നടപടി സ്വീകരി ക്കുമോ ;

(സി) ഇക്കാര്യത്തിൽ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>വള്ളവും വലയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം</u>

5085 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തിൽ വള്ളവും വലയും ഉൾപ്പെടെയുള്ള മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുവാൻ പദ്ധതികൾ നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇപ്പോൾ നഷ്ടപരിഹാരമായി നൽകിവരുന്ന 5000 രൂപ അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) വള്ളവും വലയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പുതിയവ വാങ്ങുന്നതിന് മത്സ്യഫെഡ് മുഖേന പലിശരഹിത വായ്പ നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ബോട്ടുകൾ തകർന്ന മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം

5086 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് പഞ്ചായത്തിലെ മത്സ്യബന്ധനത്തൊഴിലാളികൾ ഉപയോഗിച്ചുകൊണ്ടിരുന്ന ബോട്ടുകൾ കഴിഞ്ഞ വർഷം തകർന്നു പോയതിനാൽ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നഷ്ടം സംഭവിച്ച മത്സ്യത്തൊഴിലാളികൾക്കും ബോട്ടുടമകൾക്കും നഷ്ടപരിഹാരം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിലുള്ള നിലപാട് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായം</u>

5087 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതികളിലായി എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്, ധനസഹായം ലഭിച്ചവരുടെ പേരും വിലാസവും വിശദമാക്കി മത്സ്യഗ്രാമം തിരിച്ച് പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യ വിതരണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(സി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ട് എന്നും അവർ ആരെല്ലാം എന്നും പേര്, വിലാസം എന്നിവ വിശദമാക്കി മത്സ്യഗ്രാമം തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ</u>

5088 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ ഏതെല്ലാമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നും വിശദമാക്കുമോ;

(ബി) ഈ സൂപ്പർമാർക്കറ്റുകളിലൂടെ സബ്സിഡിയിനത്തിലുള്ള ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അവയിലൂടെ സബ്സിഡിയിനത്തിൽ ഭക്ഷ്യധാന്യങ്ങൾ വിൽക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികള്‍ക്ക് സബ്സിഡിനിരക്കില്‍ മണ്ണെണ്ണ

5089 ശ്രീ. പി.കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളികള്‍ക്ക് സബ്സിഡി നിരക്കില്‍ മണ്ണെണ്ണ ലഭ്യമാക്കാന്‍ ഏതെങ്കിലും പദ്ധതികള്‍ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കില്‍ അത് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് ; വ്യക്തമാക്കാമോ;

(ബി) മുന്‍ സര്‍ക്കാര്‍ 20 രൂപയുടെ സബ്സിഡിയില്‍ മത്സ്യത്തൊഴിലാളികള്‍ക്ക് മണ്ണെണ്ണ നല്‍കാന്‍ ആവിഷ്കരിച്ച പദ്ധതിയിന്മേല്‍ ഈ സര്‍ക്കാര്‍ സ്വീകരിച്ച തുടര്‍നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികള്‍ക്കാവശ്യമായ മണ്ണെണ്ണ എത്രയെന്നറിച്ചാല്‍ നല്‍കുന്നതാണെന്ന കേന്ദ്രമന്ത്രി ശ്രീ. കെ.വി. തോമസിന്റെ പ്രഖ്യാപനം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് ലഭ്യമാക്കുന്നതിനാനശ്യമായ തുടര്‍ നടപടികള്‍ സംസ്ഥാന സര്‍ക്കാര്‍ സ്വീകരിച്ചിരുന്നോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>കണ്ണൂര്‍ ജില്ലയില്‍ 'മത്സ്യ സമൃദ്ധി' പദ്ധതി</u>

5090 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'മത്സ്യസമൃദ്ധി' പദ്ധതി തൃശൂര്‍ ജില്ലയില്‍ ഏതൊക്കെ പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) കോള്‍മേഖലയായ നാട്ടിക മണ്ഡലത്തില്‍ ഏതെങ്കിലും പഞ്ചായത്തില്‍ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കില്‍ ഏതെല്ലാം പഞ്ചായത്തുകളിലെന്ന് അറിയിക്കുമോ;

(സി) ഇതിനായി എന്ത് തുക വിനിയോഗിച്ചുവെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

മത്സ്യസമൃദ്ധി പദ്ധതി

5091 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ സമൃദ്ധി പദ്ധതിയിൽ ആവശ്യത്തിന് രോഗവിമുക്തമായ ഗുണമേൻമയുള്ള കാരച്ചെമ്മീൻ കുഞ്ഞുങ്ങളെ ലഭിക്കുന്നില്ലെന്ന മത്സ്യകർഷകരുടെ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ബേപ്പൂർ മത്സ്യഗ്രാമം പദ്ധതി</u>

5092 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മത്സ്യഗ്രാമം പദ്ധതി അനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകും?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മാതൃകാ മത്സ്യ ഗ്രാമങ്ങൾ</u>

5093 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ നാട്ടിക മണ്ഡലത്തിൽ എത്ര ഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമങ്ങളായി വികസിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഓരോ ഗ്രാമത്തിനും അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ ഉള്ള സ്ഥലം</u>

5094 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ ഒഴിഞ്ഞുകിടക്കുന്ന എത്ര സ്ഥലമുണ്ടെന്ന് സർവ്വേ നമ്പർ സഹിതം വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ ഒഴിവുകള്‍

5095 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം ജില്ലയിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസില്‍ ഏതെല്ലാം തസ്തികകള്‍ എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകള്‍ നികത്തുന്നതിന് സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(സി) ഒഴിവുകള്‍ എന്ന് നികത്താനാകുമെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>മന്ത്രിമാർക്ക് നൽകുന്ന കത്തുകളിലും, അപേക്ഷകളിലും നടപടിയെടുക്കുന്നതിന് കാലതാമസം</u>

5096 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാർ മന്ത്രിമാർക്ക് നൽകുന്ന കത്തുകളിന്മേലും, അപേക്ഷകളിലും നടപടിയെടുക്കുന്നതിന് ഫിഷറീസ് സെക്രട്ടറിയുടെ ഓഫീസിൽ നിന്ന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫിഷറീസ് സെക്രട്ടറിയുടെ ഓഫീസിൽ 06.12.13 ന് 16926 എന്ന കറന്റ് നമ്പരിൽ രജിസ്റ്റർ ചെയ്ത അപേക്ഷയിന്മേൽ ‘സി’ സെക്ഷനിൽ നിന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫയലിൽ നിന്ന് ഏതെല്ലാം ഓഫീസുകളിലേയ്ക്ക് ഏതെല്ലാം തീയതികളിൽ കത്തുകൾ നൽകിയെന്നും അവയ്ക്ക് ഏതെല്ലാം തീയതികളിൽ മറുപടി ലഭ്യമായെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത ഫയലിൽ നിന്ന് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ഫയലിൽ കാലവിളംബം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥരാണ് ഇതിന് കാരണക്കാർ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

പുന്നപ്ര ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നവീകരണം

5097 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. എഫ്. ഡി. ബി ധനസഹായത്തോടെ നടപ്പാക്കുന്ന പുന്നപ്ര ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നവീകരണത്തിന് എന്നാണ് ഭരണാനുമതി നൽകിയത്; ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആരാണ് പ്രസ്തുത പ്രവൃത്തികൾക്കുള്ള കരാറുകാർ അടങ്കൽ തുക എത്രയാണ്; പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കേരള ഫിഷറീസ് സർവ്വകലാശാല</u>

5098 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫിഷറീസ് സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ്;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ കോഴ്സുകൾ ഡിസൈൻ ചെയ്യുന്നതിന് ഫിഷറീസ് വകുപ്പിന്റെ ഉപദേശം സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സർവ്വകലാശാല വഴി മത്സ്യ മേഖലയുടെ വികസനത്തിന് നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിന് ഫിഷറീസ് വകുപ്പ് സർവ്വകലാശാലയുമായി കരാറിൽ ഏർപ്പെടുന്നതിന് ആലോചിക്കുന്നുണ്ടോ;

(ഡി) ശാസ്ത്രീയ മത്സ്യക്കൃഷി സംബന്ധിച്ച് പുതിയ അറിവുകൾ നേടുന്നതിന് സർവ്വകലാശാലയുടെ പ്രവർത്തനങ്ങളുമായി മത്സ്യബന്ധന വകുപ്പ് യോജിച്ച് പ്രവർത്തിക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കേരള ഫിഷറീസ് സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ</u>

5099 ശ്രീ. വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകൃതമായ കേരള ഫിഷറീസ് സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ മത്സ്യമേഖലയുടെ വികസനത്തിന് ഉപയുക്തമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മൽസ്യക്കൃഷിയുടെ ശാസ്ത്രീയവശം അപഗ്രഥിച്ച് പ്രായോഗിക തലത്തിൽ എത്തിക്കുന്നതിനായി സർവ്വകലാശാല വിദഗ്ദ്ധരുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ട് പ്രവർത്തിക്കുവാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുമോ;

(സി) ഫിഷറീസ് സർവ്വകലാശാലയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>എയർ ഇന്ത്യാ എക്സ്പ്രസ്സ് വിമാന സർവ്വീസുകൾ</u>

5100 ശ്രീ. എം. എ. ബേബി
'' എളമരം കരീം
'' കെ. വി. അബ്ദുൾ ഖാദർ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളം ആസ്ഥാനമായി എയർ ഇന്ത്യാ എക്സ്പ്രസ്സ് വിമാന സർവ്വീസുകൾ ആരംഭിച്ചതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) എയർ ഇന്ത്യാ എക്സ്പ്രസ് ഇപ്പോൾ നടത്തുന്ന സർവീസുകളുടെ വിശദാംശങ്ങൾ അറിയാമോ;

(സി) പ്രസ്തുത വിമാനങ്ങളുടെ പാട്ടക്കാലാവധി ദീർഘിപ്പിക്കാത്ത കാരണത്താൽ 2014 ജനുവരി മുതൽ പല സർവ്വീസുകളും നിർത്തലാക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സാധാരണക്കാരായ ഗൾഫ് മലയാളികളുടെ ആശ്രയമായ പ്രസ്തുത വിമാന സർവ്വീസുകൾ തടസ്സമില്ലാതെ നിലനിർത്തുവാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?